**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ ബാധിത പഞ്ചായത്തുകളിലെ കവിഞ്ഞൊഴുകി മലിനമായ കിണറുകൾ വെള്ളം വറ്റിച്ച് ശുചിയാക്കുവാൻ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം തനത് ഫണ്ട് ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷത്തേയ്ക്ക് മാത്രം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.3015/2018/തസ്വഭവ തിരുവനന്തപുരം, തീയതി : 28/11/2018

**പരാമർശം :-** (1) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 10.10.2018 ലെ KGPA/LM/FR/2018 10/1002 നമ്പർ കത്ത്

(2) 16.10.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.29

**ഉത്തരവ്**

പ്രളയ ബാധിത പഞ്ചായത്തുകളിലെ കിണറുകൾ കവിഞ്ഞൊഴുകി ജലം മലിനമായ സാഹചര്യത്തിൽ വെള്ളം വറ്റിച്ച് കിണർ ശുചിയാക്കാൻ വികസന ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. 16.10.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചിരുന്നു. പ്രളയ ബാധിത പഞ്ചായത്തുകളിലെ കവിഞ്ഞൊഴുകി മലിനമായ കിണറുകൾ വെള്ളം വറ്റിച്ച് ശുചിയാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുന്നത് ഒഴിവാക്കേണ്ടതാണെന്ന് യോഗം നിരീക്ഷിച്ചു. എങ്കിലും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം ഇക്കാര്യത്തിലേക്ക് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് ഈ വർഷത്തേയ്ക്ക് മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കാൻ പരാമർശം(2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രളയ ബാധിത പഞ്ചായത്തുകളിലെ കവിഞ്ഞൊഴുകി മലിനമായ കിണറുകൾ വെള്ളം വറ്റിച്ച് ശുചിയാക്കുന്നതിന് അത്യാവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം

തനത് ഫണ്ട് ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷത്തേയ്ക്ക് മാത്രം അനുമതി നല്കി ഉത്തരവാകുന്നു. ടി പ്രവൃത്തിയുടെ നിരക്ക് ചെലവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എൻജിനീയർമാർ നിശ്ചയിക്കേണ്ടതും ഇത്തരം പ്രവൃത്തികൾ ഉണ്ടെങ്കിൽ അത് 30 ദിവസത്തിനകം പൂർത്തിയാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സിന്ധു.എൽ**

**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)

തദ്ദേശ സ്വയംഭരണ (ഡി.എ./ എഫ്.എം.) വകുപ്പ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് , പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്